## ടീച്ചിംഗ് മാനുവൽ

**വിദ്യാലയത്തിന്റെ പേര് : .........................**

**അധ്യാപികയുടെ പേര് : .........................**

**ക്ലാസ് : 7, വിഷയം : മലയാളം, യൂണിറ്റ് : ഇളം കാറ്റ് തെല്ലൊന്നു തൊട്ടെന്നു വന്നാൽ**
**പാഠത്തിന്റെ പേര് : ഭൂമിക്കുവേണ്ടി ഒരു ലാവണ്യ ദൃശ്യോത്സവം**

തീയതി : സമയം : 45 മിനിറ്റ്

**ആശയങ്ങൾ**

പ്രകൃതി സൗന്ദര്യം ആവിഷ്കരിക്കുന്ന ധാരാളം സാഹിത്യകൃതികൾ ഭാഷയിൽ ഉണ്ട്

**പഠന നേട്ടങ്ങൾ**

പ്രകൃതി സൗന്ദര്യവുമായി ബന്ധപ്പെട്ട ആസ്വാദനാശങ്ങൾ ഉൾപ്പെടുത്തി വിവിധ രചനകൾ വായിച്ച് ആസ്വദിക്കുകയും വ്യത്യസ്ത ജീവിത സന്ദർഭങ്ങളിൽ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു നിർവഹിക്കുന്നു

**മൂല്യങ്ങൾ/മനോഭാവങ്ങൾ**

പ്രകൃതി സംരക്ഷണ മൂല്യം

**പഠന തന്ത്രങ്ങൾ**

പാഠഭാഗം വായന

**സർഗാത്മക തലം**

പ്രകൃതി സ്നേഹം
സഹജീവി സ്നേഹം

**വ്യവഹാര രൂപങ്ങൾ**

ആത്മകഥ
ആസ്വാദനക്കുറിപ്പ്
വിശകലനക്കുറിപ്പ്

**പഠന സാമഗ്രികൾ**

ഇലകൾ കവിത, ഓഡിയോ
പോസ്റ്റർ മാതൃക

**സർഗ്ഗ വേള**

ആസ്വാദനക്കുറിപ്പ് അവതരണം

**ഉൽപ്പന്നം**

അഭിപ്രായക്കുറിപ്പ്
പോസ്റ്റർ
ആസ്വാദനക്കുറിപ്പ്

| പഠന പ്രവർത്തനങ്ങൾ | വിലയിരുത്തൽ |
|---|---|
| അധ്യാപിക സൗഹൃദ സംഭാഷണത്തോടുകൂടി ക്ലാസ് ആരംഭിക്കുന്നു<br>നമുക്ക് പ്രകൃതിയിൽ എന്തൊക്കെ കാഴ്ചകളാണ് കാണാൻ കഴിയുന്നത് ?<br>മരങ്ങൾക്ക് പ്രകൃതിയിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്താൻ കഴിയും പ്രകൃതി സംരക്ഷണത്തിൽ എന്തൊക്കെ കാര്യങ്ങൾ നാം ശ്രദ്ധിക്കണം. മഴ ലഭിക്കുകയും, ലഭിക്കാതിരിക്കുകയും ചെയ്യുന്ന അവസ്ഥ എങ്ങനെയുണ്ടാകുന്നു<br>കുട്ടികൾ പ്രതികരിക്കുന്നു<br>**പ്രവർത്തനം 1**<br>പാഠപുസ്തകത്തിലെ ഏഴാമത്തെ പേജ് എടുക്കാൻ ആവശ്യപ്പെടുന്നു. മൗന വായനയ്ക്കായി നൽകുന്നു. കുട്ടികൾ വായിച്ചശേഷം അധ്യാപിക ഉച്ചത്തിൽ വായിക്കുന്നു. തുടർന്ന് വായിച്ചതിൽ | |

Composed By : Manoj Vallikunnam

| | |
|---|---|
| നിന്നും എന്താണ് മനസ്സിലായത് എന്ന് അന്വേഷിക്കുന്നു. കുട്ടികൾ പ്രതികരിക്കുന്നു<br><br>അധ്യാപിക ഇലകളെക്കുറിച്ച് കൂടുതൽ വിവരങ്ങൾ കുട്ടികൾക്ക് പറഞ്ഞു കൊടുക്കുന്നു. മഴ ലഭിക്കാതിരിക്കുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ നമുക്കറിയാം എന്തൊക്കെയാണവ?<br><br>കുട്ടികൾ പ്രതികരിക്കുന്നു<br><br>അതുപോലെ മഴ ലഭിക്കാതിരുന്നപ്പോൾ മരങ്ങൾ പോലും വാടിപ്പോയി. അത്തരത്തിൽ ഒരു ചെറു കവിതയാണ് ജി ശങ്കരപ്പിള്ളയുടെ ഇലകൾ എന്ന കവിത.<br><br>മരങ്ങളുടെ ശരിയായ വളർച്ചയ്ക്ക് വെള്ളവും പ്രകാശവും ശരിയായ രീതിയിൽ ലഭിക്കണം. ജലം ലഭിക്കാതിരുന്നു നശിച്ചു കൊണ്ടിരുന്ന മരത്തിന് ജലം ലഭിച്ചപ്പോൾ ഉണ്ടായ ഉണർവാണ് ഈ കവിത.<br><br>അധ്യാപിക പാഠഭാഗം വിശദീകരിക്കുന്നു. രണ്ടുമൂന്ന് കുട്ടികളെക്കൊണ്ട് പാഠഭാഗം ഉച്ചത്തിൽ വായിപ്പിക്കുന്നു.<br><br>**<u>പ്രവർത്തനം 2</u>**<br>ചർച്ച ചെയ്യൽ<br>പാഠഭാഗത്തിൽ നിന്നും നൽകിയിട്ടുള്ള ചോദ്യം ചർച്ചചെയ്യുന്നു. കുട്ടികൾക്ക് അവരവരുടെ ആശയങ്ങൾ പങ്കുവയ്ക്കുന്നതിനുള്ള സമയം നൽകുന്നു. കുട്ടികൾ ആശയങ്ങൾ പങ്കുവയ്ക്കുന്നു<br><br>**<u>പ്രവർത്തനം 3</u>**<br>പ്രകൃതിയെക്കുറിച്ച് ചെറു ആമുഖം കുട്ടികൾക്ക് പറഞ്ഞുകൊടുക്കുന്നു. പണ്ടത്തെ പ്രകൃതിയിൽ നിന്നും ഇപ്പോഴുള്ള പ്രകൃതിയിൽ വന്ന മാറ്റങ്ങൾ ചർച്ച ചെയ്യുന്നു. തുടർന്ന് എട്ടാമത്തെ പേജ് കുട്ടികൾക്ക് മൗനവായനയ്ക്കു നൽകുന്നു. തുടർന്ന് അധ്യാപിക ഉച്ചത്തിൽ വായിക്കുന്നു.<br><br>**<u>പ്രവർത്തനം 4</u>**<br>കുറിഞ്ഞിപ്പൂക്കളെ കുറിച്ചുള്ളതാണ് പാഠഭാഗം കുട്ടികൾക്ക് കുറിഞ്ഞിപ്പൂവിന്റെ ചിത്രം കാണിക്കുന്നു<br><br>**<u>ക്രോഡീകരണം</u>**<br>മഴയുടെയും മരങ്ങളുടെയും പ്രാധാന്യത്തെക്കുറിച്ച് വിശദമാക്കുന്നു<br>**<u>തുടർ പ്രവർത്തനം</u>**<br>മഴയനുഭവം എഴുതുക<br>പ്രതിഫലനാത്മക കുറിപ്പ് | |